LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-2013 മുതൽ കേരളാ പോലീസിൽ വാങ്ങിയിട്ടുള്ള വിവിധതരം വാഹനങ്ങളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സേനയ്ക്ക് അനുവദിച്ച തുകയിൽനിന്നും മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ഇനത്തിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

ഗതാഗത നിയന്ത്രണവും സിഗ്നൽ സംവിധാനവും

180 (3690) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം. എൽ.. എ. ഫണ്ടുപയോഗിച്ച് എതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം ഏജൻസികളെക്കൊണ്ട് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്ര; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ട്രാഫിക് പോസ്റ്റുകളിൽ ഓട്ടോമാറ്റിക് ക്യാമറ സംവിധാനം ഇല്ലാത്തത് പല സ്ഥലങ്ങളിലും നിയമലംഘനത്തിന് ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷക്കാലം സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും സിഗ്നൽ ലൈറ്റിന്റെയും ക്യാമറയുടെയും മെയിന്റനൻസിനായി ചെലവഴിക്കുന്ന തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന് കീഴിലുള്ള പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കേരള റോഡ് സേഫ്റ്റി അതോറിറ്റി, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ ഏജൻസികൾ മുഖേന എം.എൽ.എ. ഫണ്ടുപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാമറ ഇല്ലാത്ത പ്രധാന ജംഗ്ഷനുകളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാമറ സ്ഥാപിച്ചിട്ടില്ലാത്ത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥലങ്ങളിൽ ട്രാഫിക് പോലീസുകാരെ ഉപയോഗപ്പെടുത്തി നിയമലംഘനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സിഗ്നൽ ലംഘിച്ച് വാഹനമോടിച്ചതിന് പോലീസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും ഈടാക്കിയ തുകയും ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിലെ ക്യാമറകൾ മെയിന്റനൻസ് ചെയ്യുന്നതിനായി 229 ലക്ഷം രൂപയുടെ വർക്ക് ഓർഡർ പോലീസ് വകുപ്പ് കെൽട്രോണിന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് നടന്ന് വരികയാണ്.

സിഗ്നൽ ലംഘനം, അമിത വേഗത എന്നിവയ്ക്ക് മോട്ടോർ വാഹന വകുപ്പിന് കീഴിൽ കഴിഞ്ഞ ഒരു വർഷക്കാലം ആകെ 1,50,270 പേർക്ക് മെമ്മോ അയച്ചിട്ടുണ്ട്. 3,06,24,800 രൂപ പിഴയായും ലഭിക്കുകയുണ്ടായി.

ബാർ കോഴക്കേസ്സിൽ ഗൂഢാലോചന

181 (3691) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ തനിക്കെതിരെ ഉന്നതതല ഗൂഢാലോചന നടത്തിയിട്ടുണ്ടെന്ന മുൻ ധനമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ഇതിൽ ഏർപ്പെട്ടവർ ആരൊക്കെയാണ് ; അതിൽ മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അന്വേഷണ വിധേയമാക്കുമോ ;

(ഡി) സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതിന് അന്വേഷണം ഏർപ്പെടുത്തി പ്രസ്താവന നടത്തിയ ആളിന്റെ മൊഴി ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) (എ) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly